**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം നഗരസഭയിലെ ഓവർസീയർ ഗ്രേഡ്-I ആയ ശ്രീ..ബിജു. എം.കെ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത OP(AT) 81/2014 മേലുള്ള 29.07.2015 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2425/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 11.08.2016.

==================================================================

**പരാമർശം :** 1) സ.ഉ. (കൈ) 234/97/എൽ.എ.ഡി. തീയതി 17.10.1997.
2) ശ്രീ. എം.കെ. ബിജുവിന്റെ 15.10.1999 ലെ അപേക്ഷ.
3) ബഹു. ഹൈക്കോടതിയുടെ 29.07.2015 ലെ OP(KAT)81/2014 നമ്പർ കേസിലെ വിധിന്യായം.
4) നഗരകാര്യ ഡയറക്ടറുടെ 12.11.2015-ലെ E4/5428/14 V2/12498/2012 നമ്പർ കത്ത്.
5) ശ്രീ. എം.കെ. ബിജു സമർപ്പിച്ച 28.09.2015, 30.09.2015 തീയതികളിലെ അപേക്ഷകൾ.

**<u>ഉത്തരവ്</u>**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കൊല്ലം നഗരസഭയിൽ വർക്ക് സൂപ്രണ്ടായി പരാമർശം (1) ലെ ഉത്തരവ് പ്രകാരം ആശ്രിത നിയമനം ലഭിച്ച ശ്രീ. എം. കെ. ബിജു, കാറ്റഗറി ചേഞ്ച് മുഖാന്തിരം ഒന്നാം ഗ്രേഡ് ഓവർസിയറായി നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത OP(KAT)81/2014 നമ്പർ കേസിന്റെ പരാമർശം (3) ൽ വായിച്ച വിധിന്യായത്തിൽ, വിധിന്യായത്തിലെ നിരീക്ഷണങ്ങൾ കണക്കിലെടുത്ത് പരാമർശം (2) പ്രകാരം ടിയാൻ സമർപ്പിച്ച Ext. P3 അപേക്ഷ പരിഗണിച്ച് വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് 3 മാസത്തിനകം ടിയാനെ നേരിൽ കേട്ട് പുതിയ തീരുമാനം എടുക്കുവാൻ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2. തന്റെ പിതാവായ മണികണ്ഠൻ പിള്ള ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായി ജോലി നോക്കി വരവേ 25.07.1996 ൽ മരണപ്പെട്ടു എന്നും, മരണം നടക്കുന്ന കാലത്ത് തനിക്ക് പ്രീഡിഗ്രി, ഡിപ്ലോമാ ഇൻ സിവിൽ എഞ്ചിനീയറിംഗ് എന്നീ യോഗ്യതകൾ ഉണ്ടായിരുന്നുവെന്നും, കേരളാ എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ

വ്യവസ്ഥകൾ പ്രകാരം ടി യോഗ്യതകൾ I$^{st}$ Grade Overseer/ I$^{st}$ Grade Draftsman എന്നീ തസ്തികകളുടെ യോഗ്യതയായതിനാൽ താൻ I$^{st}$ Grade ഓവർസീയർ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ നൽകി എന്നും എന്നാൽ തന്നെ "Work Superintendent in Municipal Common Service" എന്ന തസ്തികയിലാണ് നിയമിച്ചതെന്നും, 30.3.1995 ലെ G.O(P) 7/95/P&ARD നമ്പർ ഉത്തരവിന്റെ ഖണ്ഡിക 39 'Medical and Engineering graduates and other technically qualified persons, who were given appointment in subordinate service without taking into account of their qualifications based on the orders then in force, will be given change of appointment prospectively, according to availability of vacancies in the usual entry post to which persons with such qualifications are appointed" എന്നു നിഷ്ക്കർഷിക്കുന്നതിനാൽ തനിക്ക് Grade I Overseer/ Grade I Draftsman തസ്തികയിലേയ്ക്ക് 'ചെയ്ഞ്ച് ഓഫ് അപ്പോയ്ന്റ്മെന്റ്' നൽകണമെന്നും, 10.10.1995, 01.01.1997, 17.09.1997, 26.06.1998 തീയതികളിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ഡിപ്ലോമാ യോഗ്യതയുള്ള നാലുപേർക്ക് I$^{st}$ Grade Overseer/ I$^{st}$ Grade Draftsman തസ്തികയിലേയ്ക്ക് നിയമനം മാറ്റി നൽകിയിട്ടുണ്ടെന്നും പരാമർശം രണ്ടിലെ Ext. P3 അപേക്ഷയിൽ ഹർജിക്കാരൻ ബോധിപ്പിച്ചിട്ടുണ്ട്.

3. ബഹു. ഹൈക്കോടതിയുടെ പരാമർശം 3-ലെ വിധിന്യായത്തിൽ നിർദ്ദേശിച്ച പ്രകാരം ശ്രീ. ബിജു.എം.കെ. യെ ഗവൺമെന്റ് അണ്ടർ സെക്രട്ടറി 30.09.2015-ൽ നേരിട്ട് കേട്ടു. നേരിട്ടു കേട്ട വേളയിൽ ടിയാൻ മേൽപ്പറഞ്ഞ വാദഗതികൾ ആവർത്തിച്ചു. കൂടാതെ കുടുംബത്തിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം വിദ്യാഭ്യാസ യോഗ്യത പരിഗണിക്കാതെ വർക്ക് സൂപ്രണ്ട് തസ്തിക സ്വീകരിച്ച് ജോലിയിൽ പ്രവേശിക്കുവാൻ താൻ നിർബന്ധിതനാകുകയായിരുന്നു എന്നും, ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിൽ ആശ്രിത നിയമന വ്യവസ്ഥയനുസരിച്ച് ഡിപ്ലോമാ യോഗ്യതയുള്ള നിരവധി വ്യക്തികളെ ഒന്നാംഗ്രേഡ് ഓവർസീയർ തസ്തികയിൽ നിയമിച്ചിട്ടുണ്ട് എന്നും ആയിനാൽ ബഹു. ഹൈക്കോടതിയുടെ നിരീക്ഷണങ്ങൾ കൂടി പരിഗണിച്ച് തനിക്ക് 20.11.1997 മുതൽ മൂൻകാല പ്രാബല്യം നൽകി ഒന്നാംഗ്രേഡ് ഓവർസിയർ തസ്തികയിലേക്ക് കാറ്റഗറി ചേയ്ഞ്ച് അപ്പോയ്ന്റ്മെന്റ് നൽകുവാൻ നടപടി സ്വീകരിക്കണമെന്നും പരാമർശം 5 ലെ ഹർജികളിൽ ടിയാൻ ബോധിപ്പിച്ചു.

4. പരാമർശം രണ്ടിലെ Ext. P3 ഹർജിയിലെ വാദമുഖങ്ങൾ നഗരകാര്യ ഡയറക്ടർ സർക്കാരിന് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും, ബഹു. ഹൈക്കോടതിയുടെ പരാമർശം മൂന്നിലെ വിധിന്യായത്തിലെ നിരീക്ഷണങ്ങളുടെയും വെളിച്ചത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. 30.03.1995 ലെ G.O(P) 7/95/P&ARD നമ്പർ ഉത്തരവിന്റെ ഖണ്ഡിക '24' ഇപ്രകാരം അനുശാസിക്കുന്നുണ്ട്.

"24. Appointment once offered and the post once applied for shall be allowed to be changed. However, appointment once accepted will not be allowed to be changed."

ഈ കേസിൽ ശ്രീ. എം.കെ. ബിജു Draftsman/Building Inspector തസ്തികയിലേയ്ക്കാണ് ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ചിരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അപേക്ഷ പരിശോധിച്ചു വരികയും, കൊല്ലം ജില്ലാ കലക്ടർ ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലേയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ടായിരുന്നു. ടിയാന്റെ പരാമർശം 5-ലെ അപേക്ഷയിലെ ആവശ്യം 20.11.1997 മുതൽ മുൻകാല പ്രാബല്യം നൽകി ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്ക് change of category നൽകണമെന്നതാണ്. തനിക്ക് വർക്ക് സൂപ്രണ്ട് തസ്തികയിലേയ്ക്ക് നിയമനം നൽകണമെന്ന് 27.08.1997 ൽ ടിയാൻ തന്നെ രേഖാമൂലം ആവശ്യപ്പെടുകയും, ടിയാന് മുനിസിപ്പൽ കോമൺ സർവ്വീസിൽ വർക്ക് സൂപ്രണ്ട് തസ്തികയിൽ നിയമനം നൽകണമെന്ന് 14.02.1997 ൽ മുനിസിപ്പൽ ഭരണ ഡയറക്ടർ സർക്കാരിന് ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എം.കെ. ബിജുവിന് മുനിസിപ്പൽ കോമൺ സർവ്വീസിൽ വർക്ക് സൂപ്രണ്ട് 'കാറ്റഗറിയിൽ നിയമനം നൽകി 17.10.1997 ലെ G.O.(MS) No. 234/97/തസ്വഭവ. നമ്പർ ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുകയും ടി അപ്പോയ്ന്റ്മെന്റ് ടിയാൻ സ്വീകരിച്ച് ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതാണ്. ആകയാൽ ഡിപ്ലോമാ യോഗ്യതയുള്ളവർക്ക് പിന്നീട് നൽകിയ കാറ്റഗറി ചെയ്ഞ്ചിന് ടിയാന് അർഹതയില്ല.

5. മേൽപ്പറഞ്ഞ സാഹചര്യത്തിൽ പരാമർശം 2-ലെയും, 5-ലെയും ഹർജികളിലെ ആവശ്യം നിരസിച്ചുകൊണ്ടും അതിൻപ്രകാരം പരാമർശം 3-ലെ ബഹു. ഹൈക്കോടതി വിധി നടപ്പിലാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**അബുൽ കലാം,**
**അണ്ടർ സെക്രട്ടറി.**

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ. ബിജു.എം.കെ., ഒന്നാം ഗ്രേഡ് ഓവർസിയർ, കൊല്ലം നഗരസഭ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ
(വെബ്സൈറ്റിൽ ഈ ഉത്തരവ് പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**